● **ജോൺസി സ്മരണ**

# വാക്കും പ്രവർത്തിയും പൊരുത്തപ്പെടുമ്പോൾ

എ. മോഹൻകുമാർ



**നർമ്മദാ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പയ്യന്നൂരിൽ നടന്ന യോഗത്തിൽ ജോൺസി സംസാരിക്കുന്നു.**

വാക്കും പ്രവൃത്തിയും ഒന്നിച്ച് കൊണ്ടുപോകാൻ ശ്രമിച്ച ഒരാൾകൂടി വിടവാങ്ങി.

സെപ്റ്റംബർ അവസാനം കേരളത്തോട് വിടപറയുമ്പോൾ അവസാനമായി യാത്ര ചോദിക്കുവാൻ ഒരാളെ മാത്രമേ കണ്ടിരുന്നുള്ളൂ. ഏഴിലോടുള്ള ആയുർവേദ ചികിത്സാലയത്തിൽ നിസ്സഹായനായി കഴിയുന്ന വാസുദേവൻ നന്തിക്കര എന്ന ജോൺസി. ഇരുകാലുകളുടെയും ചലനശേഷി നഷ്ടപ്പെട്ട ജോൺസിയുടെ ആരോഗ്യം അനുക്രമമായി ക്ഷയിക്കുകയായിരുന്നു. സ്നേഹത്തിന്റെ ഒരു ചെറുതരി പോലും ജോൺസിയെ ആശ്വസിപ്പിച്ചിരുന്നു.

പിലാത്തറയിൽ ജോൺസി താമസമാക്കുമ്പോൾ കണ്ണൂരിലേക്കുള്ള അദ്ദേഹത്തിന്റെ രണ്ടാംവരവ് ശ്രദ്ധേയമാക്കണമെന്ന് ആഗ്രഹിച്ചു. എന്റെ യിഷ്മായേൽ എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ പൂർത്തിയാവുകയും പന്തളത്തുള്ള പ്രവീണും സന്തോഷും ചേർന്ന് അത് പുസ്തകമാക്കുകയും ചെയ്തിരുന്നു. ആ പുസ്തകത്തിന്റെ പ്രകാശനത്തോടെ കണ്ണൂരിലെ സുഹൃത്തുക്കൾ ജോൺസിയെ സ്വീകരിക്കട്ടെയെന്ന തീരുമാനിച്ചാണ് മാതൃഭൂമിയിലെ ഫോട്ടോഗ്രാഫർമാരായ മധുരാജിന്റെയും സുനിൽകുമാറിന്റെയും സഹകരണത്തോടെ കണ്ണൂർ പ്രസ്ക്ലബ്ബിൽ ഒരു ചടങ്ങ് സംഘടിപ്പിക്കാൻ മുൻകൈയെടുക്കുകയും ചെയ്തത്. ചടങ്ങിനോടനുബന്ധിച്ച് വിജയ വി. പ്രഭുവെന്ന അന്ധയായ പെൺകുട്ടിയുടെ സംഗീതപരിപാടിയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ജോൺസിയെ കണ്ട സന്തോഷത്തിൽ ശിഷ്യഗണങ്ങൾ മത്സരബുദ്ധിയോടെന്ന പോലെ സംസാരിച്ച് സംഗീതസദസ് ശബ്ദമുഖരിതമാക്കിയപ്പോൾ, ഇത്ര അരസികൻമാർക്കിടയിലാണല്ലോ തന്നെ കൊണ്ടുവന്നതെന്നോർത്ത് വിജയ പൊട്ടിക്കരഞ്ഞു. ഇതോടെ കണ്ണൂരിലെ എന്റെ പൊതുപരിപാടികൾ സംഘടിപ്പിക്കൽ അവസാനിക്കുകയും ചെയ്തു.

എൺപതുകളുടെ ആദ്യമാണ് ജോൺസിയെ പരിചയപ്പെടുന്നത്. അപ്പോഴേക്കും സീക്കും സീക്ക് ഭവനും ഉണ്ടാക്കിക്കഴിഞ്ഞിരുന്നുവെന്ന് തോന്നുന്നു. സീക്ക് ഭവന് അടുത്തുതന്നെയുള്ള ജോൺസിയുടെ വീട്ടിലും പയ്യന്നൂർ കോളേജിലുമെല്ലാം ചിലപ്പോഴൊക്കെ പോയിട്ടുണ്ട്. ജോൺസിയുമായി അധികം അടുപ്പമോ അകലമോ ഇല്ലാതെ ശിഷ്യനോ സഹപ്രവർത്തകനോ അല്ലാതെ പരസ്പരം അംഗീകരിക്കുന്ന രണ്ട് സുഹൃത്തുക്കൾ എന്ന നിലയിലായിരുന്നു ഞങ്ങളുടെ ബന്ധം.

ഏഴിമല സംരക്ഷണ സമിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ജോൺസിയും ഞാനും ആദ്യം ഒരേ വേദിയിൽ വരുന്നത്. വികസനത്തെക്കുറിച്ച് ജോൺസിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അന്ന് ജോൺസി പറഞ്ഞ വാക്കുകൾ ഇന്നും ഓർക്കുന്നു. ഇല്ല, ഇന്ത്യയ്ക്ക് അമേരിക്കയെപ്പോലെ വികസിക്കാനാവില്ല; അവർ ലോകത്തെ മുഴുവൻ കൊള്ളയടിച്ചാണ് സമ്പത്തുണ്ടാക്കുന്നത്. ഇല്ല, നമുക്കതാവില്ല. ഈ മാതൃകയല്ല നമുക്ക് വേണ്ടത്.

പിന്നീട് ജോൺസിയിൽ ക്രമമായി മാറ്റമുണ്ടായിക്കൊണ്ടിരുന്നു. പയ്യന്നൂർ കോളേജിലെ സുവോളജി ക്ലബ്ബിൽനിന്നും പരിസ്ഥിതി പഠനം മണ്ണിലേക്ക് പറിച്ചുനട്ടത് ജോൺസിയായിരുന്നു. മറ്റുള്ളവർ വിജ്ഞാനം അവരുടെ കുത്തകയാക്കുകയും പിടിച്ചിരുത്തി പരിസ്ഥിതി പഠിപ്പിക്കുന്ന ആശാൻമാരാവുകയും ചെയ്തപ്പോൾ ജോൺസി കുട്ടികളും ചെറുപ്പക്കാരുമായി കാട്ടിലേക്കും കടലോരത്തേക്കും മണ്ണിലും മഴയിലും വെയിലിലുമായി സഞ്ചരിച്ച് സംവദിക്കുകയായിരുന്നു.

പരിസ്ഥിതിയും പ്രകൃതി സംരക്ഷണവും സംസ്കൃതം പോലെ സാധാരണക്കാർക്ക് അന്യമായ കാലത്ത് കേരളത്തിന്റെ വടക്കൻഭാഗത്ത് കൃഷിക്കാരുടെയും കർഷകത്തൊഴിലാളിയുടെയും മകൾക്ക് പരിസ്ഥിതി ജീവരക്തമായി മാറിയത് ജോൺസിയുടെ പ്രവർത്തനശൈലി ഒന്നുകൊണ്ടുമാത്രമായിരുന്നു. ജോൺസിയിൽനിന്നും നേടിയതിനപ്പുറമൊന്നും കേരളത്തിലെ പരിസ്ഥിതി-ജൈവകൃഷി-പ്രകൃതി സംരക്ഷണക്കാർ ഇനിയും നേടിയിട്ടില്ല.

ജോൺസി ഉണ്ടാക്കിയ സംഘടനകളിൽനിന്നും അദ്ദേഹം പടിയിറങ്ങുമ്പോഴും ആ സംഘടനകൾ ഇപ്പോഴും തുടക്കക്കാരായി മാത്രം നിലകൊള്ളുന്നു. ജോൺസിയാണ്

മലയാളിയെ ബിൽമോളിസണെയും പെർമാകൾച്ചറിനെയും പരിചയപ്പെടുത്തുന്നത്. ഒറ്റവൈക്കോൽ വിപ്ളവവും മസനോബു ഫുക്കുവോക്കയും മലയാളം അറിയുന്നത് ജോൺസിയിലൂടെത്തന്നെയാണ്. എന്റെ യിഷ്മായേലും ബിയുടെ കഥയും യിഷ്മായേലും എസീനുകളുടെ ബൈബിളും ദാനിയേൽ ക്വന്നിനെയും എല്ലാം നാമറിയുന്നതും ജോൺസിയിലൂടെത്തന്നെ. എൻ. ജെ. ബെറിലിന്റെ നിങ്ങളും പ്രപഞ്ചവും എല്ലാം ഓരോ ജിജ്ഞാസുവിനും പുതിയ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നവയായിരുന്നു.

മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പ്രൊഫസർ ജോഷ്വായുടെ ശിഷ്യന് അവിടെനിന്നും ലഭിച്ച പ്രാഥമിക പാഠങ്ങളാണ് ജീവിതകാലം മുഴവൻ കർമ്മനിരതനാകാൻ സഹായിച്ചതെന്ന് അഭിമാനപൂർവം എത്രയോ തവണ പറഞ്ഞിട്ടുണ്ട്. പ്രകൃതിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കുകയും അത് ഇളംതലമുറയ്ക്ക് പകർന്നു നൽകുകയും ചെയ്ത മറ്റൊരാചാര്യൻ കേരളത്തിലുണ്ടായിട്ടില്ല. പ്രകൃതിനിരീക്ഷണവും വ്യാഖ്യാനവും എന്ന ഗ്രന്ഥം തന്നെ അത്തരത്തിലുള്ള ഏകപുസ്തകമാണ്. ഇതിനകം 5000 കോപ്പികൾ വിറ്റഴിഞ്ഞ പുസ്തകമാണത്.

കേരളത്തിന്റെ പരിസ്ഥിതി പാരമ്പര്യത്തിൽ രണ്ട് ശാഖകളാണ് മുഖ്യമായുള്ളത്. ഒന്ന് പരിസ്ഥിതിയുടെ പാശ്ച്യാത്യ ശാസ്ത്രത്തിൽ ഊന്നിയതും ജനങ്ങളിൽനിന്നും അകന്നു നിൽക്കുന്നതുമായ ഏറെക്കുറെ സവർണ്ണവും ഊഷരവുമായ ഒരു ശാഖ. ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി പരിസ്ഥിതി പ്രവർത്തന ശൈലിയാണ് ജോൺസിയുടെ നേതൃത്വത്തിൽ വടക്കൻ കേരളത്തിൽനിന്നും വികാസം കൊണ്ടത്. പ്രകൃതിയുടെ ആത്മീയതയിൽ ഊന്നിയതും സാധാരണക്കാരന്റെ അറിവുകളെയും കഴിവുകളെയും ബഹുമാനിക്കുന്നതും പ്രകൃതിയെന്നത് തന്നിൽനിന്നും അന്യമായ ഒന്നല്ലെന്ന് തൊട്ടറിയാൻ പ്രേരിപ്പിക്കുന്നതുമായ ഈ ശൈലിയാണ് പിൽക്കാലത്ത് അനേകം പാരിസ്ഥിതിക പ്രശ്നങ്ങളോട് പ്രതികരിക്കാൻ കേരളീയരെ സജ്ജമാക്കിയത്.

കോട്ടംചേരി വനത്തിൽ ജോൺസി തുടങ്ങിയ പ്രകൃതി നിരീക്ഷണ ക്യാമ്പ് കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലും പുറമേക്കും വ്യാപിച്ചതിലൂടെയാണ് അനേകം പക്ഷിനിരീക്ഷകരെയും പരിസ്ഥിതി ശാസ്ത്രജ്ഞരെയും കേരളത്തിന് ലഭിച്ചത്.

ലോകവ്യാപകമായി അരങ്ങേറുന്ന ഹിംസയുടെ ആശയങ്ങളോട് ജോൺസി പ്രതികരിച്ചത് ഭാരതീയ ആത്മീയപാരമ്പര്യത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചതിനു ശേഷമായിരുന്നു. ശാസ്ത്രത്തിന്റെ പേരിലായാലും കച്ചവടത്തിന്റെ പേരിലായാലും ആത്മീയതയുടെ പേരിലായാലും ലോകത്തെയും ലോകജനതയെയും ഇല്ലായ്മ ചെയ്യുന്ന പാശ്ചാത്യ ദർശനത്തോട് വിഘടിച്ചു നിന്നുകൊണ്ടാണ് ജോൺസി തന്റെ പേരുതന്നെ മാറ്റുന്നത്. ഹിന്ദു, ഹൈന്ദവത എന്നീ ശബ്ദങ്ങൾ പോലും പിന്തിരിപ്പനായി വ്യാഖ്യാനിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് ഒരു ഉപദേശിയുടെ മകനായി പിറന്ന ജോൺസി ഹിന്ദുമതം സ്വീകരിക്കുന്നതും വാസുദേവൻ ആയി പരിവർത്തനം ചെയ്യപ്പെടുന്നതും. ഗുരു നിത്യചൈതന്യ യതിയുമായുള്ള അടുപ്പമാണ് മതാതീതമായ വേദ-ഉപനിഷദ് ദർശനങ്ങളിലേക്ക് ജോൺസിയിലെ അന്വേഷണ കുതുകിയെ തിരിച്ചുവിട്ടത്. അത് പ്രകൃതിയാണ് ഈശ്വരനെന്നും പ്രകൃതിയിലേക്ക് മടങ്ങുക മാത്രമാണ് ഏകരക്ഷാ മാർഗമെന്നും ജോൺസിയിലെ സത്യാന്വേഷിയെ എത്തിക്കുന്നു. എല്ലാ അറിവുകളുടെയും അമ്മയായി പ്രജ്ഞാനം ബ്രഹ്മം എന്ന സത്യത്തിലേക്ക് ലോകം എത്തിനോക്കുമെന്ന വിശ്വാസമായിരുന്നു അദ്ദേഹത്തിനുള്ളത്.

അന്ത്യനാളുകളിൽ വല്ലാത്തൊരു ഏകാന്തത അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചിരുന്നു. പരാശ്രയത്വത്തോടെ ജീവിക്കേണ്ടി വരുന്നതിനെപ്പറ്റി വിലപിച്ചിരുന്നു. ഏറെക്കുറെ വാക്കും പ്രവൃത്തിയും ഒരുപോലെയാക്കുവാൻ ശ്രമിച്ച ഒരാളായിരുന്നു ജോൺസി. ജോൺസി ഒന്നും ആരിൽനിന്നും ഒളിപ്പിച്ച് വെച്ചിരുന്നില്ല. അദ്ദേഹത്തിന് ഒരു മുൻവാതിലേ ഉണ്ടായിരുന്നുള്ളൂ. അത് തുറന്നുകിടക്കുമ്പോൾ അദ്ദേഹം അകത്തുണ്ടെന്നും നമുക്ക് ധൈര്യമായി അകത്തുകടക്കാമെന്നും ഏത് കുഞ്ഞിനും ഒരിറ്റ് സ്നേഹം കിട്ടുമെന്നും ഉറപ്പിക്കാമായിരുന്നു. ഇത്രയധികം ചെറുപ്പക്കാരും കുട്ടികളും ആശ്രയിച്ചിരുന്ന ഒരു തണൽമരം വീണുപോവുമ്പോൾ അതുണ്ടാക്കുന്ന നിസ്സഹായത ബോധ്യപ്പെടുത്തുന്ന സന്ദേശങ്ങളായിരുന്നു അദ്ദേഹത്തിന്റെ മരണശേഷം കുറേദിവസത്തേക്ക് ലഭിച്ചത്.

മാഷേ, എന്തോ പെട്ടെന്ന് ഒരാശ്രയമറ്റതുപോലെ ഒരു തോന്നൽ. ഇവിടെ വരമ്പോ എന്നും എനിക്കൊരു പ്രതീക്ഷയുണ്ടായിരുന്നു – സന്തോഷ്

മുഖത്ത് ചെറിയ ചിരിയുമായി നമ്മുടെ ജോൺസി മാഷ് വിടപറഞ്ഞു. പച്ചപ്പുകൾക്ക് കാവലാവുന്നവർക്കൊപ്പം എന്നും ജോൺസി മാഷ് ഉണ്ടാവും – വിജിത്

ജോൺസി.......... – വി. സി ബാലകൃഷ്ണൻ

ജീന, ബാലൻ, ശിവപ്രസാദ്, ഡോ. ശങ്കർ, ഗോവിന്ദൻ മാഷ് ഇങ്ങനെ നിരവധി പേർ വിളിക്കുകയോ സന്ദേശമയയ്ക്കുകയോ ചെയ്യുമ്പോൾ അവസാന ദിവസം എന്റെ കൈപിടിച്ച് പൊട്ടിക്കരഞ്ഞ നിസഹായതയായിരുന്നു ജോൺസി. സുധയുടെ ഏട്ടൻ പത്മനാഭൻ എന്ന മഹാമനസ്കൻ ജോൺസിയുടെ ശിഷ്യനോ പരിസ്ഥിതി പ്രവർത്തകനോ ആയിരുന്നില്ല. അദ്ദേഹമായിരുന്നു ഈശ്വരന്റെ ജീവൽസാന്നിധ്യമായി ജോൺസിക്ക് തുണയായി ഉണ്ടായിരുന്നത്. കേൾവിശക്തി കുറഞ്ഞ ജോൺസിയുടെ കാതും അദ്ദേഹമായിരുന്നു. തന്റെ ഭൗതിക ശരീരം എന്തുചെയ്യണമെന്നും പുസ്തകങ്ങളും മറ്റും എവിടെ വെയ്ക്കണമെന്നും ജോൺസി മുൻകൂട്ടി അറിയിച്ചിരുന്നു. അസുഖം അൽപ്പം കുറഞ്ഞെന്ന് തോന്നിയ ദിവസം ആശുപത്രിയിൽനിന്നും പയ്യന്നൂർ കോളേജിനു സമീപം പുതുതായി എടുത്ത വാടകവീട്ടിലേക്ക് കാറിൽ കയറ്റിവിട്ടിട്ടാണ് ഞാൻ യാത്രയായത്. ആശുപത്രിയിൽ അടയ്ക്കുവാൻ പണം തികഞ്ഞേക്കില്ലെന്ന് നേരത്തേ അറിയിച്ചിരുന്നതിനാൽ ആവശ്യപ്പെട്ട സംഖ്യ എത്തിക്കാനായ ചാരിതാർത്ഥ്യം ഉണ്ടായിരുന്നു. എങ്കിലും ഒരുപക്ഷേ മടങ്ങിവരുംമുമ്പ് ജോൺസി വിട്ടുപോയേക്കുമോയെന്ന് ശങ്കിക്കാതെയും ഇരുന്നില്ല. കഠിനമായ ഒരു പാതയിലൂടെ നടന്നുനീങ്ങിയ ഒറ്റയാനു പിന്നിൽ ഒരുപാട് കുട്ടികൾ ടന്നുവന്നിരുന്നു. ജോൺസിയുടെ ഈ ഒരൊറ്റ ഗുണം– വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തപ്പെടുത്തുകയെന്നത്– എത്രപേർക്ക് കാത്തുസൂക്ഷിക്കാനാവും?